# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

ടാത്ത
2503

18/06/2014 - ൽ മറുപടിക്ക്

### ഉൾനാടൻ ജലഗതാഗതം

ാദ്യം

കഹാർ
തീശൻ
ഷ്ണുനാഥ്
രാമകൃഷ്ണൻ

ഉത്തരം

ശ്രീ. പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| ഉൾനാടൻ ജലഗതാഗതം ന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; മോ; | (എ) | ഉണ്ട്. കേരളത്തിലെ ദേശീയ ജലപാതയായ കൊല്ലം-കോട്ടപ്പുറം പാതയുടെ തെക്കോട്ടുള്ള ജലപാതയായ കോവളം മുതൽ കൊല്ലം വരെയും വടക്കോട്ടുള്ള കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുമുള്ള പാതകൾ സംസ്ഥാന ജലപാത യുടെ മാനദണ്ഡങ്ങളനുസരിച്ച് വികസിപ്പി ക്കുന്നതിന് 13-ാം ധനകാര്യ കമ്മീഷൻ സഹായത്തോടെയും, നബാർഡ് ധനസഹായത്തോടെയും, സംസ്ഥാന ഫണ്ടുപ യോഗിച്ചും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന ജലപാത നീലേശ്വരത്തു നിന്നും ഹോസ്ദുർഗ്ഗ് വരെ ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും വിശേഷതകളും എന്തെല്ലാമാണ്; വിശദാംശം കുമോ; | (ബി) | സംസ്ഥാനത്തിലെ ജലപാത ചരക്കു ഗതാഗത ത്തിനും വിനോദ സഞ്ചാരത്തിനും മറ്റു യാത്രാ ആവശ്യങ്ങൾക്കും ഉതകുന്ന വിധം വികസി പ്പിച്ചെടുക്കുകയാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യം ചരക്കു ഗതാഗതം ദൂരിഭാഗവും ജലമാർഗ്ഗം നടത്താവുന്നതാണ്. അതുവഴി കരമാർഗ്ഗമുള്ള ഗതാഗതകുരുക്കുകൾ ഒഴിവാക്കാൻ സാധി ക്കും. ചിലവുകുറഞ്ഞതും, പരിസ്ഥിതിക്ക് കൂടുതൽ അനുയോജ്യവും, ടൂറിസം വികസന സാദ്ധ്യത വർദ്ധിപ്പിച്ചുമുള്ളതും, മലിനീകരണം കുറഞ്ഞതും ആയ ഗതാഗതം, ജലപാതയുടെ വികസനംമൂലം സാദ്ധ്യമാകുന്നതാണ്. |

ാണ് പ്രസ്തുത പദ്ധതിയുമായി (സി) ...ത്; വിശദമാക്കുമോ;

കൊല്ലം മുതൽ കോട്ടപ്പുറം വരെയുളള ജലപാതയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എല്ലാം തന്നെ കേന്ദ്ര സർക്കാർ ഏജൻസിയായ ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ് ഏറ്റെടുത്ത് നടത്തി വരുന്നത്. കോവളം മുതൽ കൊല്ലം വരെയും കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുമുളള ജലപാത യുടെ വികസനം ജലസേചന വകുപ്പിന്റെ അധീനതയിലുളള ഉൾനാടൻ ജലഗതാഗത കാര്യാലയത്തിന്റെ മേൽനോട്ടത്തി ലാണ് നടത്തുന്നത്. 13-ാം ധനകാര്യ കമ്മീഷൻ, നബാർഡ് ധനസഹായം, സ്റ്റേറ്റ് ഫണ്ട് എന്നിവ ഉപയോഗിച്ചുമാണ് പ്രവൃത്തി കൾ നടത്തി വരുന്നത്.

...ഇതിനായി എന്തെല്ലാം കാര്യങ്ങൾ (ഡി) ...ിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാ...

കോവളം മുതൽ കൊല്ലം വരെയും കോട്ടപ്പുറം മുതൽ നീലേശ്വരം വരെയും ഉളള സംസ്ഥാന ജലപാത വികസിപ്പിക്കുന്നതിനായി 13-ാം ധനകാര്യ കമ്മീഷൻ ധനസഹായത്തോടെയും, നബാർഡ് സഹായത്തോടെയും, സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ചും പല പ്രവൃത്തികൾ നടന്നു വരുന്നു. കൊല്ലം-കോവളം പാതയുടെ വികസനത്തിന്റെ ഭാഗമായി കൊല്ലം തോടിന്റെയും, ശിവഗിരി മുതൽ നടയറ വരെയുളള ഭാഗത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കോട്ടപ്പുറം-നീലേശ്വരം സംസ്ഥാന പാത വികസനത്തിന്റെ ഭാഗമായി 17.61 കി.മീ നീളമുളള വടകര-മാഹി കനാലിന്റെ നിർമ്മാണം മേൽ പറഞ്ഞ ധനസഹായങ്ങളുപയോഗിച്ച് നടത്തിവരുന്നു. മാഹി-വളപട്ടണം ഭാഗത്തെ പുനരുദ്ധാരണത്തി നായി പരിവ്യേഷണ പ്രവൃത്തികൾ പൂർത്തി യായിട്ടുണ്ട്. പ്രസ്തുത ഭാഗത്തിന്റെ തുടർ

പ്രവൃത്തികൾ നടത്തുന്നതിനായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. കൂടാതെ താനൂർ -കൂട്ടായി കനാലിന്റെയും, E.K കനാലിന്റെയും B.K കനാലിന്റെയും, സംസ്ഥാന ജലപാതയിലെത്തുന്ന വിവിധ പോഷക കനാലുകളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

സെക്ഷൻ ഓഫീസർ